*02-06-2026*
*Obituary reference*

(ഇടവേളയ്ക്കായി രാവിലെ 9.45-ന് നിർത്തിവച്ച സഭ 10.00 മണിക്ക് പുനരാരംഭിച്ചു.)

**ചരമോപചാരം**

ടി. യു. കുരുവിള, കെ. പി. ഉണ്ണിക്കൃഷ്ണൻ, കെ. പി. ധനപാലൻ എന്നിവരുടെ നിര്യാണം.

മി. സ്പീക്കർ: മുൻമന്ത്രി ടി. യു. കുരുവിള 2026 മേയ് 30-നും മുൻ കേന്ദ്ര മന്ത്രി കെ. പി. ഉണ്ണിക്കൃഷ്ണൻ 2026 മാർച്ച് 3-നും മുൻ ലോകസഭാംഗം കെ. പി. ധനപാലൻ 2026 മേയ് 30-നും അന്തരിച്ചു.

ടി. യു. കുരുവിള

കേരളത്തിലെ മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയും മുൻ നിയമസഭാംഗവും കേരള കോൺഗ്രസ് പാർട്ടിയുടെ മുതിർന്ന നേതാവുമായിരുന്ന ബഹുമാനപ്പെട്ട ടി. യു. കുരുവിള 2026 മേയ് മാസം 30-ന് അന്തരിച്ചു. 1936 സെപ്റ്റംബർ 13-ന് എറണാകുളം ജില്ലയിലെ കോതമംഗലത്തിനടുത്തുള്ള ഊഞ്ഞപ്പാറയിൽ ഉതുപ്പിന്റെയും മറിയത്തിന്റെയും മകനായി ജനിച്ച അദ്ദേഹം കീരംപാറ, വടവുകോട്, തിരുവല്ല എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കുകയും ആലപ്പുഴ കാർമൽ പോളിടെക്നിക്കിൽ നിന്ന് എഞ്ചിനീയറിങ് ഡിപ്ലോമ നേടുകയും ചെയ്തു.

*02-06-2026*
*Obituary reference*

കീരംപാറ പഞ്ചായത്തിലെ ജനപ്രതിനിധിയെന്ന നിലയിലായിരുന്നു അദ്ദേഹത്തിന്റെ പൊതുജീവിതത്തിന്റെ തുടക്കം. 1964 മുതൽ 1978 വരെ തുടർച്ചയായി 14 വർഷം പഞ്ചായത്ത് പ്രസിഡന്റായി അദ്ദേഹം പ്രവർത്തിച്ചു. പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ, കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ് ചെയർമാൻ, റബ്ബർ ബോർഡ് അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം നൽകിയ സേവനങ്ങൾ ശ്രദ്ധേയമായിരുന്നു. കർഷകനായും സാമൂഹിക പ്രവർത്തകനായും രാഷ്ട്രീയ പ്രവർത്തകനായും അദ്ദേഹം ജനമനസ്സുകളിൽ ഇടം നേടിയിരുന്നു.

കേരള കോൺഗ്രസ്സ് പാർട്ടിയുടെ ഉന്നതാധികാര സമിതി അംഗമെന്ന നിലയിൽ ചുമതലകൾ വഹിച്ച ടി. യു. കുരുവിള പാർട്ടിയുടെ വളർച്ചയിലും സംഘടന ശക്തിപ്പെടുത്തുന്നതിലും നിർണ്ണായകമായ പങ്ക് വഹിച്ചു. മികച്ച സംഘാടകൻ, കർഷക നേതാവ്, ജനകീയനായ രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു.

2006-ലും 2011-ലും കോതമംഗലം നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ജനപ്രതിനിധിയായി മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചു. 2006-ൽ വി. എസ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയായി ചുമതലയേറ്റ അദ്ദേഹം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിർണ്ണായകമായ ഇടപെടലുകൾ നടത്തി.

രാഷ്ട്രീയരംഗത്തിനപ്പുറം സാമൂഹ്യ-വിദ്യാഭ്യാസ-മത-സാംസ്കാരിക മേഖലകളിലും അദ്ദേഹം സജീവ സാന്നിധ്യമായിരുന്നു. യാക്കോബായ

സുറിയാനി സഭയുടെ അംഗമായി നേതൃത്വത്തിൽ ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം സഭയുടെയും സമൂഹത്തിന്റെയും പുരോഗതിക്കായി നൽകിയ സേവനങ്ങൾ വ്യാപകമായി അംഗീകരിക്കപ്പെട്ടു. വിവിധ മേഖലകളിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളെ മാനിച്ച് സഭയുടെ അത്യുന്നത ബഹുമതി ഉൾപ്പെടെയുള്ള നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയിട്ടുണ്ട്.

പൊതുജീവിതത്തിൽ ലാളിത്യം മുഖമുദ്രയാക്കിയിരുന്ന, ജനങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ഒരു ജനപ്രതിനിധിയെയും പൊതുപ്രവർത്തകനെയുമാണ് ടി. യു. കുരുവിളയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>കെ. പി. ഉണ്ണിക്കൃഷ്ണൻ</u>

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്ര മന്ത്രിയുമായ കെ. പി. ഉണ്ണിക്കൃഷ്ണൻ 2026 മാർച്ച് 3-ന് അന്തരിച്ചു. 1936 സെപ്റ്റംബർ 20-ന് തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ ഇ. കുഞ്ഞിക്കണ്ണൻ നായരുടെയും മാളുക്കുട്ടിയമ്മയുടെയും മകനായാണ് ജനനം. 1971 മുതൽ 1996 വരെയുള്ള കാലയളവിൽ വടകര ലോകസഭാ മണ്ഡലത്തെ തുടർച്ചയായി ആറുതവണ പ്രതിനിധീകരിച്ച അദ്ദേഹം, ഇന്ത്യൻ പാർലമെന്റ് കണ്ട മികച്ച വാഗ്മികളിൽ ഒരാളായിരുന്നു. 1989-90 കാലഘട്ടത്തിൽ വി. പി. സിംഗ് മന്ത്രിസഭയിൽ കാബിനറ്റ് മന്ത്രിയായി സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹം ഉപരിതല ഗതാഗത, വാർത്താവിനിമയ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്നു.

വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ് കെ. പി. ഉണ്ണികൃഷ്ണൻ പൊതുരംഗത്തേക്ക് പ്രവേശിക്കുന്നത്. മദ്രാസ് ക്രിസ്ത്യൻ കോളേജ്, പ്രസിഡൻസി കോളേജ്, ഗവ. ലാ കോളേജ് എന്നിവിടങ്ങളിൽ നിന്നായി വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം, റാം മനോഹർ ലോഹ്യയുടെ സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായിരുന്നു. 1960-കളിൽ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നു. രാഷ്ട്രീയത്തിൽ സജീവമാകുന്നതിനുമുമ്പ് മുംബൈയിലും ഡൽഹിയിലും 'ബ്ലിറ്റ്സ്', 'ശങ്കേഴ്സ് വീക്കിലി', 'ടൈംസ് ഓഫ് ഇന്ത്യ', 'മാതൃഭൂമി' തുടങ്ങിയ പ്രമുഖ മാധ്യമങ്ങളിൽ സ്പെഷ്യൽ കറസ്പോണ്ടന്റായി തിളങ്ങിയ മികച്ചൊരു പത്രപ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. വി. കെ. കൃഷ്ണമേനോന്റെ അടുത്ത അനുയായിയായിരുന്ന കെ. പി. ഉണ്ണികൃഷ്ണൻ പിന്നീട് കോൺഗ്രസ് (യു), കോൺഗ്രസ് (എസ്) പ്രസ്ഥാനങ്ങളുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി ദേശീയതലത്തിൽ പ്രതിപക്ഷ നിരയെ നയിച്ചു. 1995-ൽ അദ്ദേഹം മാതൃസംഘടനയായ ഇന്ത്യൻ നാഷണൽ കോൺഗ്രസിലേക്ക് മടങ്ങിയെത്തി.

സജീവ രാഷ്ട്രീയത്തിൽ തുടരുമ്പോഴും പുസ്തകപ്രേമിയും എഴുത്തുകാരനും സാംസ്കാരിക നായകനുമായിരുന്നു കെ. പി. ഉണ്ണികൃഷ്ണൻ. രാഷ്ട്രീയ-സാമൂഹിക വിഷയങ്ങളിൽ ആഴത്തിലുള്ള നിരവധി ലേഖനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വിദേശകാര്യ വിഷയങ്ങളിലും നയതന്ത്രത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹം ഐക്യരാഷ്ട്രസഭയുൾപ്പെടെയുള്ള സമുന്നതമായ അന്താരാഷ്ട്ര വേദികളിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ

അദ്ദേഹത്തിന് അവസരം സൃഷ്ടിച്ചു. കേന്ദ്രമന്ത്രിയായിരുന്ന അദ്ദേഹം നിർവഹിച്ച ഏറ്റവും വലിയ ദൗത്യങ്ങളിലൊന്ന് 1991-ലെ ഗൾഫ് യുദ്ധകാലത്തെ ഇടപെടലായിരുന്നു. സജീവ രാഷ്ട്രീയത്തിൽ നിന്ന് പിൻവാങ്ങിയ ശേഷവും ഡൽഹിയിലെയും കേരളത്തിലെയും ബൗദ്ധിക-സാംസ്കാരിക സദസ്സുകളിലെ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം.

കേന്ദ്രമന്ത്രിയെന്ന നിലയിൽ കേരളത്തിന്റെ താൽപര്യങ്ങൾക്ക് മുൻതൂക്കം നൽകാനും പാർലമെന്ററി ജനാധിപത്യത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും ധീരമായ നിലപാടുകൾ സ്വീകരിക്കാനും കഴിഞ്ഞ അഗാധമായ അറിവും ഉന്നതമായ ജനാധിപത്യ ബോധവും പുലർത്തിയ ഒരു നേതാവിനെയാണ് കേരളത്തിനും ഇന്ത്യൻ രാഷ്ട്രീയത്തിനും നഷ്ടമായിരിക്കുന്നത്.

## കെ. പി. ധനപാലൻ

മുതിർന്ന കോൺഗ്രസ് നേതാവും, മുൻ എം. പി.-യുമായിരുന്ന കെ. പി. ധനപാലൻ 2026 മേയ് 30-ന് അന്തരിച്ചു. 1950 ഏപ്രിൽ 14-ന് എറണാകുളം ജില്ലയിൽ കളത്തിൽ പങ്കജാക്ഷന്റെയും മാധവിയുടെയും മകനായാണ് ജനനം. പതിനഞ്ചാം ലോകസഭയിൽ 2009 മുതൽ 2014 വരെ ചാലക്കുടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച കെ. പി. ധനപാലൻ വിദ്യാർഥി പ്രസ്ഥാനത്തിലൂടെയാണ് പൊതുരംഗത്തേക്ക് കടന്നുവന്നത്. അഞ്ച് പതിറ്റാണ്ടിലേറെക്കാലം കേരള രാഷ്ട്രീയത്തിൽ സജീവ സാന്നിധ്യമായിരുന്ന കെ. പി. ധനപാലൻ വടക്കൻ പറവൂർ എസ്. എൻ.

*02-06-2026*
*Obituary reference*

ഹൈസ്കൂളിൽ കെ.എസ്.യു. യൂണിറ്റ് പ്രസിഡന്റായാണ് സംഘടനാ പ്രവർത്തനം ആരംഭിച്ചത്.

മാലിയങ്കര ശ്രീനാരായണ മംഗലം (SNM) കോളേജിൽ പ്രീ-യൂണിവേഴ്സിറ്റി പഠനത്തിനുശേഷം ആലുവ യൂണിയൻ ക്രിസ്ത്യൻ (UC) കോളേജിൽനിന്ന് ബി.എസ്.സി. കെമിസ്ട്രി ബിരുദം നേടി. യു.സി. കോളേജിലെ മികച്ച സംഘാടകനായിരുന്ന അദ്ദേഹം അവിടത്തെ കോളേജ് യൂണിയൻ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു.

കെ.എസ്.യു. എറണാകുളം ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ യുവജന പ്രസ്ഥാനങ്ങളെ മുന്നിൽനിന്ന് നയിച്ച അദ്ദേഹം 2001 മുതൽ തുടർച്ചയായി ആറ് വർഷക്കാലം എറണാകുളം ഡി.സി.സി. പ്രസിഡന്റായിരുന്നു, തുടർന്ന് കെ.പി.സി.സി. സെക്രട്ടറി, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, എ.ഐ.സി.സി. അംഗം എന്നീ പദവികളും വഹിച്ചു. KSU സംസ്ഥാന വൈസ് പ്രസിഡന്റായി അദ്ദേഹം എന്നോടൊപ്പം പ്രവർത്തിച്ചത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നു.

കേരളത്തിന്റെ സഹകരണ-വിദ്യാഭ്യാസ മേഖലകളിൽ കെ. പി. ധനപാലൻ നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ (മിൽമ) ചെയർമാനായിരുന്ന കാലത്ത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നിരവധി ജനകീയ പദ്ധതികൾ അദ്ദേഹം വിജയകരമായി നടപ്പിലാക്കി. കൂടാതെ നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് ഡയറക്ടർ ബോർഡ് അംഗമായും കൊച്ചി

*02-06-2026*
*Obituary reference*

ശാസ്ത്ര സാങ്കേതിക സർവകലാശാല (CUSAT) സെനറ്റ് അംഗമായും പ്രവർത്തിച്ചുകൊണ്ട് ധനകാര്യ, ഉന്നത വിദ്യാഭ്യാസ മേഖലകളിൽ നിർണ്ണായകമായ ഇടപെടലുകൾ നടത്തി. പാർട്ടി നിർദേശം അപ്പാടെ അംഗീകരിക്കുന്ന നിലപാടാണ് എന്നും അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. വികസന പ്രശ്നങ്ങളിലും ജനകീയ കൂട്ടായ്മകളിലും സജീവ സാന്നിധ്യമായിരുന്ന കെ. പി. ധനപാലൻ, ലളിതമായ ജീവിതശൈലിയും സൗമ്യമായ പെരുമാറ്റവുംകൊണ്ട് കക്ഷിരാഷ്ട്രീയഭേദമെന്യേ ജനഹൃദയങ്ങളിൽ സ്ഥാനം നേടി. അദ്ദേഹത്തിന്റെ വിയോഗം കേരളത്തിലെ പൊതുരംഗത്തിനും കോൺഗ്രസ് പ്രസ്ഥാനത്തിനും നികത്താനാവാത്ത നഷ്ടമാണ്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)